WRITTEN ANSWERS

ലോക്കൽ ഡവലപ്പുമെൻറ വക്ക്സ്.

* 542. [45] ശ്രീ. പി. രവീന്ദ്രൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954–55–ൽ ലോക്കൽ ഡവലപ്പുമെൻറ വക്ക്സിൽ എത്ര രൂപ നീക്കിവച്ചിരുന്നു;

(ബി) അതിൽ എത്ര രൂപ ചെലവായി;

(സി) 1955–56-ലേയ്ക്കു് ഈ പദ്ധതിക്കു് എത്ര രൂപ നീക്കിവച്ചിട്ടുണ്ടു്;

(ഡി) ഈ വർഷം എത്ര ജോലികൾ ഇതിനകം ഡവലപ്പുമെൻറ വക്ക്സിൽ ഉൾപ്പെടുത്തി ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 1954–55-ൽ ലോക്കൽ ഡവലപ്പുമെൻറ് വക്കുകൾക്കായി 30,85,000 രൂപ നീക്കിവച്ചിരുന്നു.

(ബി) പ്രസ്തുത തുകയിൽനിന്നും 1955 മാർച്ചു് അവസാനംവരെ 1,08,548 രൂപ ചെലവായിട്ടുണ്ടു്.

(സി) 1955–56-ലേയ്ക്കു് ഈ പദ്ധതിക്കു് 30,80,000 രൂപ നീക്കിവച്ചിട്ടുണ്ടു്.

(ഡി) ഈ വർഷം 15–8–1955 വരെ 413 ജോലികൾ ഡവലപ്പുമെൻറ വക്ക്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

പോലീസു് ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള അന്വേഷണങ്ങൾ.

* 543. [50] ശ്രീ. കെ. എ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പോലീസു് ഉദ്യോഗസ്ഥന്മാരെപ്പറ്റിയുള്ള പരാതികളെപ്പറ്റി അന്വേഷിക്കുമ്പോൾ സ്ഥലം എം. എൽ. എ.യും കൂടെ ഉൾപ്പെടുത്തിയുള്ള ഒരു അന്വേഷണ സമ്പ്രദായം സ്വീകരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

ഈ ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന മാതിരിയിലുള്ള അന്വേഷണസമ്പ്രദായം സ്വീകാര്യമല്ല.

ബിരുദധാരിണികളായ അദ്ധ്യാപികമാരുടെ സീനിയാറിറ്റി അവഗണിച്ചുള്ള നിയമം.

* 544. [51] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

ബിരുദധാരിണികളായ അദ്ധ്യാപികമാരുടെ സീനിയാറിറ്റി അവഗണിച്ചു് മൂന്നു കൊല്ലത്തിനിടയിൽ എത്ര ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാരെ ഹെഡ് മാസ്റ്റേഴ്സ് ആക്കിയിട്ടുണ്ടു് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : 123.

വ്യവസായ സംഘങ്ങൾ.

* 545. [53] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര കയർ വ്യവസായ സംഘങ്ങൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട് ;

(ബി) ഈ സൊസൈറ്റികൾക്ക് അഴകിയ തൊണ്ടോ ചകരിയോ ആവശ്യാനുസരണം കിട്ടുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ചെയ്തിട്ടുള്ളത് ;

(സി) എത്ര സൊസൈറ്റികൾക്ക് ഇതിനകം ധനസഹായം ചെയ്തിട്ടുണ്ട് ; ആകെ എന്ത് ചെലവാക്കി ;

(ഡി) പുതുതായി ഇനിയും സൊസൈറ്റികൾ അനുവദിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 120 കയർ സൊസൈറ്റികൾ ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്.

(ബി) ഈ സൊസൈറ്റികൾ കൊണ്ട് സംഭരണ സംഘങ്ങൾ മുഖേന ആവശ്യാനുസരണം പച്ചത്തൊണ്ട് വാങ്ങി അഴക്കി അതിനെ അംഗങ്ങളുടെ ആവശ്യത്തിന് വിതരണം ചെയ്യുന്നതിനാണ് കയർ വ്യവസായ വികസനപദ്ധതി അനുസരിച്ച് വ്യവസ്ഥചെയ്തിട്ടുള്ളത്.

(സി) 87 സൊസൈറ്റികൾക്ക് ഇതിനകം ധനസഹായംചെയ്തിട്ടുണ്ട്. 18,83,500 രൂപ ചെലവായി.

(ഡി) ഒന്നാം പഞ്ചവത്സരപദ്ധതിയിൽ അനുവദിച്ച 120 സൊസൈറ്റികൾക്കു പുറമേ പുതിയതായി 40 സൊസൈറ്റികൂടെ അനുവദിച്ചിട്ടുണ്ട്. അവ രജിസ്റ്റർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ സൊസൈറ്റികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ മാത്രമേ അനുവദിക്കുകയുള്ളൂ.

പഞ്ചവത്സരപദ്ധതി.

* 546. [54] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയുടെ നീലരേഖ (Blue print) തയ്യാറാക്കാൻ ഈ സഭയിലെ ഏതെല്ലാം കക്ഷികളും വ്യക്തികളും മെമ്പർമാരെ സഹായിച്ചിട്ടുണ്ട് ;

(ബി) ആ കക്ഷികളുടേയും വ്യക്തികളുടേയും ഒരു പട്ടിക വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly